SOCIAL JUSTICE DEPARTMENT
care, protection & empowerment

# കരുതാം വയോജനങ്ങളെ.........

## കേരള സർക്കാർ | സാമൂഹ്യനീതി വകുപ്പ്

## വൃദ്ധസദനങ്ങൾക്കും മറ്റ് ക്ഷേമസ്ഥാപനങ്ങൾക്കുമുള്ള നിർദ്ദേശങ്ങൾ

ഏതൊരു പകർച്ചവ്യാധിയുണ്ടായാലും അത് ഏറ്റവും അപകടകരമായി ബാധിക്കുന്നത് വയോജനങ്ങളെയാണ്. ഇത്തരക്കാരിൽ മരണനിരക്ക് കൂടുന്നതിന് വളരെയധികം സാദ്ധ്യതയുണ്ട്. വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും ദുർബലരായ ജനങ്ങൾ കൂട്ടമായി പാർക്കുന്നതിനാൽ അവിടങ്ങിൽ അസുഖങ്ങൾ പടരാനുള്ള സാദ്ധ്യത കൂടുതലാണ്. അതിനാൽ ഇത്തരം സ്ഥാപനങ്ങളിൽ താമസിക്കുന്നവരെ സംരക്ഷിക്കേണ്ട ആവശ്യകതയുണ്ട്. ഇതിനു വേണ്ടി താഴെപറയുന്ന നിർദ്ദേശങ്ങൾ എല്ലാ വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും സ്പെഷ്യൽ ഹോമുകളിലും എത്തിക്കേണ്ടതാണ്.

Break the chain
കൈവിടാതിരിക്കാം... കൈ കഴുകൂ...

## നിർദ്ദേശങ്ങൾ..........



# സന്ദർശകരെ നിയന്ത്രിക്കൽ

1. പകർച്ചവ്യാധി സമയങ്ങളിൽ വൃദ്ധസദനങ്ങളിലും അനാഥാലയങ്ങളിലും സന്ദർശകരെ വിലക്കേണ്ടതാണ്. അത്യാവശ്യമുള്ള സന്ദർശകർക്കു മാത്രം ആവശ്യമായ മുൻകരുതലോടുകൂടി താമസക്കാരെ കാണാനുള്ള അനുവാദം കൊടുക്കുക. ഇത്തരത്തിൽ സന്ദർശകർക്ക് അനുവാദം നൽകുകയാണെങ്കിൽ അവർ സോപ്പ് / സാനിറ്റൈസർ ഉപയോഗിച്ച് കൈകൾ അണുവിമുക്തമാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്. ശ്വാസകോശ സംബന്ധമായ അസുഖമുള്ള സന്ദർശകരെ അനുവദിക്കാൻ പാടില്ല. അതുപോലെ ഇത്തരം രോഗങ്ങളുള്ള താമസക്കാരെ കാണുന്നതിനും അനുവാദം നൽകാൻ പാടില്ല.




2. ഇന്ത്യക്കു പുറത്തോ കേരളത്തിന് പുറത്തോ ആയി കഴിഞ്ഞ 14 ദിവസത്തിനുള്ളിൽ യാത്ര ചെയ്ത സന്ദർശകരെയോ ഹോം ക്വാറന്റയിനിൽ കഴിഞ്ഞവരെയോ താമസക്കാരെ കാണാൻ അനുവദിക്കരുത്.
3. ഭക്ഷണ പദാർത്ഥങ്ങളും മറ്റ് സാധനങ്ങളും വിൽക്കുന്ന പുറത്തുനിന്നുള്ള ആളുകളെ സ്ഥാപനത്തിൽ പ്രവേശിപ്പിക്കാൻ പാടില്ല.
4. സന്ദർശകരുടെ പേരും മറ്റ് വിശദാംശങ്ങളും സന്ദർശന തീയതിയും സമയവും ഉൾപ്പെടുന്ന രജിസ്റ്റർ നിർബന്ധമായും സൂക്ഷിക്കേണ്ടതാണ്.

# പകർച്ചവ്യാധി നിയന്ത്രണ നടപടികൾ

5. ഓരോ ജീവനക്കാരും സ്ഥാപനങ്ങളിൽ പ്രവേശിക്കുന്നതിന് മുമ്പായും ഓരോ താമസക്കാരെ സന്ദർശനത്തിനു ശേഷവും സോപ്പ് ഉപയോഗിച്ച് കൈകഴുകേണ്ടതാണ്. പനിയോ, ചുമയോ, ശ്വാസകോശസംബന്ധമായ അസുഖമുള്ള ജീവനക്കാർ ജോലിയിൽ നിന്ന് വിട്ട് നിൽക്കേണ്ടതാണ്.



6.ശ്വാസകോശസംബന്ധമായ അസുഖമുള്ള താമസക്കാർക്ക് ധരിക്കാനായി മാസ്കുകൾ നൽകണം. ലഭ്യതയുണ്ടെങ്കിൽ പ്രത്യേക മുറി അവർക്കായി അനുവദിക്കേണ്ടതാണ്. ഇതിലൂടെ മറ്റ് താമസക്കാരുമായുള്ള അവരുടെ സമ്പർക്കം കുറയ്ക്കാവുന്നതാണ്. ഇത്തരം കേസുകൾ കണ്ടാൽ റൂമിൽ അറിയിക്കുകയും മെഡിക്കൽ കെയർ ആവശ്യപ്പെടുകയും ചെയ്യണം.

7. താമസക്കാരുടെയും ജീവനക്കാരുടെയും വ്യക്തിശുചിത്വം ഉറപ്പുകേണ്ടാതാണ്.

8. കൂട്ടായ്മകളും പ്രാർഥനായോഗങ്ങളും ഒഴിവാക്കുക. ഡൈനിംഗ് ഹാളുകളിലും മറ്റ് പരിപാടികളിലും താമസക്കാർ പരസ്പരം 1 മീറ്റർ അകലം പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുക.

## ഭക്ഷണ ക്രമീകരണം

9. താമസക്കാരുടെ പ്രായത്തിനും രോഗാതുരതയ്ക്കും അനുസരിച്ച് ആവശ്യമുള്ള പോഷകങ്ങൾ അടങ്ങിയ ആഹാരം നൽകേണ്ടതാണ്. സമീകൃതാഹാരം എല്ലാവർക്കും നൽകുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.




## രോഗികളുടെ പരിപാലനം

10. പ്രമേഹം, രക്താതിമർദ്ദം, ഹൃദ്രോഗങ്ങൾ, COPD തുടങ്ങിയ ഗുരുതരരോഗങ്ങൾ ഉള്ള താമസക്കാർക്ക് അതിനായുള്ള മരുന്നുകൾ കൃത്യമായി കഴിക്കുന്നുണ്ടെന്ന് ഉറപ്പാക്കുക. പകർച്ചവ്യാധി സമയങ്ങളിൽ താമസക്കാർക്ക് ആവശ്യത്തിനുള്ള മരുന്ന് സ്റ്റോക്ക് ഉണ്ട് എന്ന് അധികാരികൾ ഉറപ്പ് വരുത്തുക.



**മാനസികാരോഗ്യം**

11. താമസക്കാരുടെ മാനസികാരോഗ്യം മെച്ചപ്പെട്ട നിലയിൽ ആണെന്ന് ഉറപ്പാക്കണം. അത്യാവശ്യ സന്ദർഭങ്ങളിൽ മെന്റൽ ഹെൽത്ത് ടീമുമായി ടെലികൺസൾട്ടേഷൻ ഏർപ്പെടുത്താവുന്നതാണ്.

12. ധ്യാനം, യോഗ, മറ്റ് വിനോദ പരിപാടികൾ തുടങ്ങിയവ വഴിയായും ആവശ്യമായ ബോധവൽക്കരണത്തിലൂടെയും താമസക്കാരുടെ മാനസികാരോഗ്യം ഉറപ്പ് വരുത്തണം.

## മെഡിക്കൽ അടിയന്തിര സഹായം

13. അടിയന്തിര സഹായത്തിനായി അടുത്തുള്ള ആരോഗ്യസ്ഥാപനമായോ ഒരു വോളന്റിയർ ഗ്രൂപ്പുമായോ (അംഗണവാടി പ്രവർത്തകർ, ആശമാർ, കുടുംബശ്രീ പ്രവർത്തകർ, പാലിയെറ്റീവ് വോളന്റിയർ, JPHN, JHI, തുടങ്ങിയവർ) ബന്ധം പുലർത്തുക.

14. അത്യാവശ്യഘട്ടങ്ങൾക്കായി ആംബുലൻസ് സേവനം ഉറപ്പാക്കുക.



**രോഗ ലക്ഷണങ്ങൾ ഉണ്ടെങ്കിൽ ബന്ധപ്പെടുക :**
**ദിശ 0471-2552056 / ടോൾ ഫ്രീ നമ്പർ 1056**